# ന്യൂയോൎക്ക മലബാർ കോർപൊറേഷ്യൻ (ക്ലിപ്തം)

## കൂട്ടുയാദാസ്തു

I. കമ്പനിയുടെ പേരു 'ന്യൂയോൎക്ക മലബാർ കോർപൊറേഷ്യൻ ക്ലിപ്തം' എന്നായിരിക്കും.

II. കമ്പനിയുടെ റജിസ്റ്റർചെയ്യപ്പെട്ട ആഫീസ് കോട്ടയത്തു സ്ഥിതിചെയ്യുന്നതാകുന്നു.

III. കമ്പനി ഏൎപ്പെടുത്തപ്പെട്ടിരിക്കുന്നതിന്റെ ഉദ്ദേശങ്ങൾ താഴെ പറയുന്നവയാകുന്നു.

1. മോട്ടോർലോറി, കാർ, ട്രക്ക്, സൈക്കിൾ, മോട്ടോർബോട്ട്, തീബോട്ട ആദിയായ സകലവിധ സഞ്ചാരയന്ത്രവാഹനങ്ങൾ, ഇവയ്ക്കുള്ള ഉപകരണങ്ങൾ, ആയുധങ്ങൾ മുതലായവ, ബായിലർ, ആവിയന്ത്രം, മോട്ടോർഎൻജിൻ, ഇലക്ട്രിക്കൽഎൻജിൻ, പമ്പ്, ശീമകലപ്പ, ഡൈനാമോ, ബാററി, ഷാഫ്റ്റ്, ബോൾട്ടിൻ, ബോൾട്ട്, നട്ട്, ഇരുമ്പ, ഉരുക്ക്, ചെമ്പ, പിത്തള, നിക്കൽ, ഈയം ആദിയായ ലോഹങ്ങൾ, ലോഹനിൎമ്മിതങ്ങളായ ഉത്തരങ്ങൾ, ബാറുകൾ, കുഴലുകൾ, കമ്പികൾ, ചങ്ങലകൾ, വടങ്ങൾ, പാത്രങ്ങൾ മുതലായവ, മുള്ളുകമ്പികൾ, ഇരുമ്പുവളയങ്ങൾ, ആണികൾ, കത്തി, കോടാലി, മൺവെട്ടി, ആദിയായ കൃഷിയായുധങ്ങൾ, ആഭരണങ്ങൾ, അലങ്കാരസാമാനങ്ങൾ, മോഹനവസ്തുക്കൾ, കണ്ണാടി, ഭരണി, രോമംകൊണ്ടും പഞ്ഞികൊണ്ടുമുള്ള തുണികൾ, കസ്തൂരി, സിമന്റ, വീടുപണിക്കുള്ള സകല സാമാനങ്ങൾ, ഔഷധങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, ചായങ്ങൾ, വാർണിഷ്, സോപ്പ്, മെഴുകുതിരി, പശ, എണ്ണ, പെട്രോൾ, കെറസീൻ, ബെൻസീൻ, ആദിയായ ദ്രവഇന്ധനങ്ങൾ, ടയർ, ട്യൂബ് എന്നിങ്ങനെയുള്ള റബർസാമാനങ്ങൾ, കന്നുകാലികൾ, അവയ്ക്കുള്ള തീററികൾ, എല്ലാവിധ വളങ്ങൾ, കടലാസ്, സ്റ്റേഷ്യനറി;

നാളികേരം, കൊപ്രാ, പഞ്ഞിക്കുരു, ആവണക്കിൻകുരു, നിലക്കടല മുതലായ എണ്ണക്കുരുക്കൾ, പയറു, ധാന്യങ്ങൾ, മാവ്, വയ്ക്കോൽ, കയറു, നൂല്, ചകിരി, നാരു്, തോല്, റബർ, തേയില, കാപ്പി, കൊക്കോ, നല്ലമുളക്, ഇഞ്ചി, ഏലം, ജാതിക്കാ, കാഞ്ഞിരത്തിൻകുരു, മീനെണ്ണ, പിണ്ണാക്ക്, മത്സ്യം, എല്ല്, ഉപ്പ്, പഞ്ചസാര, തടി ഏവംവിധങ്ങളായി സംസ്കരിക്കപ്പെട്ടിട്ടുള്ളവയും അല്ലാത്തവയും ആയ വിവിധസാധനങ്ങൾ കമ്പനിയുടെ യുക്തംപോലെ കയററുമതിഇറക്കുമതി ചെയ്യുകയും ക്രയവിക്രയംചെയ്യുകയും ചെയ്യുക.

2. കമ്പനിയുടെ ഏതെങ്കിലും ഉദ്ദേശത്തിനു അനുകൂലമായി നിൎവ്വഹിക്കപ്പെടാമെന്നു തോന്നുന്ന എല്ലാവിധ യന്ത്രങ്ങളേയും, ആയുധങ്ങളേയും, ചരക്കുകളേയും നിൎമ്മിക്കുകയും, വാങ്ങിക്കുകയും, കയററുമതിചെയ്യുകയും, ഇറക്കുമതിചെയ്യുകയും, വസ്തുക്കൾ വാങ്ങിക്കുകയും വില്ക്കുകയും, കൃഷിചെയ്യുകയും, കൃഷിസംബന്ധമായി പണം വ്യാപരിപ്പിക്കുകയും ചെയ്യുക.

3. കപ്പൽ, ബോട്ടു, മിൽ, ഗ്ഡൗൺ, പീയർ, ജട്ടി, വാർഫ് മുതലായി കമ്പനിവക ഉപയോഗത്തിനു ആവശ്യമുള്ള സാമാനങ്ങളേയും പണിത്തരങ്ങളേയും വാങ്ങിക്കുക, ഉണ്ടാക്കുക വാടകയ്ക്കു കൊടുക്കുക.

4. സോപ്പ്, മെഴുകുതിരി, ചായം, ഔഷധങ്ങൾ, മുതലായവ ഉണ്ടാക്കുക, ന്യൂസ്പേപ്പറുകൾ, പുസ്തകങ്ങൾ, ആദിയായവ പ്രസിദ്ധീകരിക്കുക, അച്ചടിശാലകൾ സ്ഥാപിക്കുക.

5. ഇൻഡ്യാ, സിലോൺ, മുതലായ സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന ഏതെങ്കിലും തൊഴിൽശാലയേയോ, വ്യാപാരശാലയേയോ, വിലെക്കുവാങ്ങുകയോ മറേറാ ചെയ്യുക.

6. കമ്പനിയുടെ ജോലിയെ വികസിപ്പിക്കത്തക്കവണ്ണം കമ്പനിക്കു യുക്തമെന്നു തോന്നുന്ന എല്ലാവിധ തൊഴിലുകളേയും വ്യാപാരങ്ങളേയും നടത്തുക.

7. ഏതെങ്കിലും ആളിന്റേയോ, ശാലയുടെയോ, സംഘത്തിന്റേയോ വക ജോലികളും വസ്തുക്കളും കമ്പനി അഭിവൃദ്ധിക്കു യുക്തമെന്നു കണ്ടാൽ മുഴുവനായോ, ഭാഗമായോ, കയ്യേററു നടത്തുകയോ, വിലയ്ക്കു വാങ്ങിക്കുകയോ ചെയ്ക.

8. ഏതെങ്കിലും പ്രത്യേക അവകാശങ്ങളോ, ലൈസൻസുകളോ, നൂതനനിൎമ്മാണാവകാശങ്ങളോ, വിലയ്ക്കു വാങ്ങിക്കുക.

9. കമ്പനിയാൽ നടത്തപ്പെടുന്ന ഏതെങ്കിലും ജോലിനിൎവ്വഹണത്തിന്നു സൌകൎയ്യമോ ആവശ്യമോ ഉള്ള സാമാനങ്ങൾ ആദിയായവ അപ്പോഴപ്പോൾ ഉണ്ടാക്കുകയോ സമ്പാദിക്കുകയോ ചെയ്യുക.

10. ഏജൻസികളും പ്രാദേശികജോലിസംഘങ്ങളും സ്ഥാപിക്കുന്നതിലേക്കു ആവശ്യമുള്ള ചെലവുകളും, പരസ്യങ്ങൾ, ദെല്ലാലുകളുടെ ആദായം, അച്ചടി, സ്റ്റേഷനറി, മുതലായവയും വഹിച്ചു കമ്പനിയെ പ്രചരിപ്പിക്കയും, അഭിവൃദ്ധിപ്പെടുത്തുകയും ചെയ്ക.

11. ലാഭം, കൂട്ടുകച്ചവടാവകാശം മുതലായവ ലഭിക്കത്തക്കവണ്ണം മററു ആളുകളും കമ്പനികളുമായി പങ്കുചേരുക.

12. ഈ കമ്പനിയുടെ ഉദ്ദേശങ്ങൾതന്നേയോ അവയ്ക്കു സമമായ മററു വ്യവസ്ഥകളോ ഉള്ള ഏതെങ്കിലും മററു കമ്പനികളിൽ പങ്കെടുക്കുക.

13. കമ്പനി ഉദ്ദേശങ്ങൾക്കു അനുകൂലമെന്നു കാണുന്ന വ്യവസ്ഥകൾ ഏതെങ്കിലും ഗവർമെൻറുമായോ, മുൻസിഫലോ, ലോക്കലോ, ബോർഡുകളുമായോ ചെയ്തു ആ അധികാരസ്ഥാനങ്ങളിൽനിന്നു അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സമ്പാദിക്കുക.

14. കമ്പനിയുടെ ജോലിയിൽ ഉൾപ്പെട്ടിരിക്കുന്നവരോ കമ്പനി പിന്നീട് ഏററു നടത്താവുന്നതായ ജോലികളിൽ മുൻപിനാലെതന്നെ ഏർപ്പെട്ടിരിക്കുന്നവരോ ആയ ആളുകൾക്കും അവരുടെ ഭാര്യമാർക്കും വിധവകൾക്കും കുടുംബങ്ങൾക്കും ധനസഹായമോ പെൻഷ്യനോ കൊടുത്തു സംരക്ഷിക്കുക. മേൽ പറഞ്ഞവർക്കായി വിദ്യാശാലകൾ, വ്യായാമശാലകൾ, വൈദ്യശാലകൾ മുതലായ സ്ഥാപനങ്ങളേർപ്പെടുത്തുക, മതസംബന്ധമായും, ശാസ്ത്രീയമായും, രാഷ്ട്രീയമായും പ്രദർശനങ്ങൾ മുതലായവ നടത്തുന്നതിലേക്കു സഹായിക്കുക.

15. കമ്പനിയുടെ ജോലിക്കാരിലും, ഏർപ്പാടുകാരിലും, പൊതുജനങ്ങളിലും കമ്പനിയെക്കുറിച്ചുള്ള ബഹുമതിയും രഞ്ജനയും വർദ്ധിക്കത്തക്കവണ്ണം ഏതെങ്കിലും ധർമ്മസ്ഥാപനങ്ങൾക്കോ പൊതുകാര്യങ്ങൾക്കോ അപ്പോഴപ്പോൾ സഹായിക്കുക.

16. ഈ കമ്പനിയുടെ അവകാശങ്ങളും ബാദ്ധ്യതകളും വസ്തുക്കളും സ്വാധീനപ്പെടുത്തുന്നതിലേക്കും ഈ കമ്പനിയെ പ്രത്യക്ഷമായോ പരോക്ഷമായോ ഗുണപ്പെടുത്തുന്നതിലേക്കും വേണ്ടി ഏതെങ്കിലും കമ്പനിയെ പ്രവർത്തിപ്പിക്കുക.

17. ഏതെങ്കിലും വസ്തുക്കളോ, സാമാനങ്ങളോ, അവകാശങ്ങളോ, സ്വാതന്ത്ര്യങ്ങളോ, കെട്ടിടങ്ങളോ, യന്ത്രങ്ങളോ, സ്റ്റോക്കോ, കൈമാററം ചെയ്കയോ, വച്ചുമാറുകയോ, പാട്ടമായോ, വിലയ്ക്കു കൊടുക്കുകയോ, വാങ്ങിക്കുകയോ ചെയ്യുക.

18. കമ്പനിയുടെ ആവശ്യത്തിനുവേണ്ടി ഏതെങ്കിലും കെട്ടിടത്തേയോ, മററു പണികളേയോ നടത്തുകയും, ഭേദപ്പെടുത്തുകയും, പരിഷ്കരിക്കയും, വലുതാക്കുകയും ചെയ്യുക.

19. കമ്പനിയുടെ ഉദ്ദേശങ്ങളെ നേരിട്ടോ അല്ലാതെയോ അഭിവൃദ്ധിപ്പെടുത്തുന്നതിൽ സഹായമായിത്തീരാവുന്ന റോഡുകളോ, ട്രാംവഴികളോ, റയിൽപാതകളോ, പാലങ്ങളോ ഇലക്ട്രിക്ക് വേലകളോ, ഗാസുവേലകളോ, ശേഖരിപ്പുശാലകളോ, പണിയിക്കയോ, ഏററു നടത്തുകയോ, സംരക്ഷിക്കയോ, അഭിവൃദ്ധിപ്പെടുത്തുകയോ, ഭരിക്കയോ ചെയ്യുക.

20. കമ്പനിവകയായി തൽക്കാലം ഓഹരികളായോ, സ്റ്റോക്കായോ, കടപ്പത്രമായോ, മററോ ഉപയോഗിച്ചിട്ടില്ലാത്ത പണത്തെ അപ്പോഴപ്പോൾ നിശ്ചയിക്കുന്ന അഭിവൃദ്ധികരമായ മാർഗ്ഗത്തിൽ വിനിമയം ചെയ്യുക.

21. കമ്പനിയുമായി ഏർപ്പാടുകൾ ഉള്ള പതിവുകാർക്കും മററാളുകൾക്കും ന്യായമായ ഈടിന്മേലും വ്യവസ്ഥകളിന്മേലും പണം കടംകൊടുക്കുക.

22. ഡിബെഞ്ചർ മുഖേനയും മററും പണം കടംവാങ്ങിക്കയും ശേഖരിക്കയും ചെയ്ക.

23. ഓഹരികളോ, ഡിബെഞ്ചർകളോ, മററു ഈടുകളോ പ്രചരിപ്പിക്കുമ്പോൾ ദെല്ലാലുകളേയും കമ്മീഷനേജൻറുകളേയും ഏർപ്പെടുത്തുകയും അവർക്കു പ്രതിഫലമായി രൊക്കം പണമോ ഷെയറുകളോ കൊടുക്കുകയും ചെയ്ക.

24. പ്രാമിസറിനോട്ടുകൾ, കൈമാററബില്ലുകൾ, ഹുണ്ടികൾ മുതലായവ ഏർപ്പെടുത്തുകയും സ്വീകരിക്കുകയും പ്രവർത്തിപ്പിക്കയും ചെയ്ക.

25. പ്രതിഫലത്തോടുകൂടിയോ അല്ലാതെയോ ഉപകാരപ്രദമെന്നു തോന്നുന്ന ഏതെങ്കിലും ട്രസ്റ്റുകളെ കയ്യേൽക്കുകയും നടത്തുകയും ചെയ്യുക.

26. കമ്പനിയുടെ ഏതെങ്കിലും ഏർപ്പാടിനെ മുഴുവനായോ അംശമായോ കമ്പനിയുടെ അഭിവൃദ്ധിക്കായി വില്ക്കുകയോ മററുവിധത്തിൽ പ്രയോഗിക്കയോ ചെയ്യുക.

27. യുക്തമെന്നു തോന്നുന്ന വിധത്തിലും പത്രപ്രസ്താവനകളും സർക്കുലറുകളും പുസ്തകങ്ങളും സമ്മാനങ്ങളും ദാനങ്ങളും മററുംകൊണ്ടു കമ്പനിയുടെ ജോലിയെ പരസ്യപ്പെടുത്തുക.

28. ഏജൻസികളും, ശാഖകളും ഏപ്പെടുത്തി ലോകത്തിൻെറ നാനാഭാഗങ്ങളിലും കമ്പനിയെ പ്രചരിപ്പിക്കുക.

29. കമ്പനിയുടെ വസ്തുക്കളും അവകാശങ്ങളും മുഴുവനായോ അംശമായോ വില്ക്കുകയോ പാട്ടമായി കൊടുക്കുകയോ പണയപ്പെടുത്തുകയോ കൈമാററം ചെയ്യുക.

30 കമ്പനിയുടെ ഏതെങ്കിലും വസ്തുവിനെ കമ്പനിയിലെ അംഗങ്ങൾക്കായി ഭാഗിച്ചു കൊടുക്കുക.

31. ലോകത്തിൻെറ ഏതു ഭാഗത്തിലും മേല്പറഞ്ഞ എല്ലാ പ്രവൃത്തികളും മുഴുവനായോ അംശമായോ നടത്തുകയും, പ്രധാനികളായോ ഏജൻറുകളായോ കാൎയ്യനിൎവ്വഹണാധികാരികളായോ തനിയേയോ മററുള്ളവരോടു ചേൎന്നോ ഏജൻറുകൾ മുഖേനയോ നടത്തുക.

32. മേല്പറഞ്ഞ ഉദ്ദേശങ്ങളുടെ സാദ്ധ്യത്തിലേക്കുവേണ്ടി വരുന്ന മറെറല്ലാകാൎയ്യങ്ങളും നടത്തുക.

ഈ വകുപ്പിലെ കമ്പനിയെന്ന പദത്തിൻെറ വ്യാഖ്യാനത്തിൽ ഇൻഡ്യയിലോ മറെറവിടെയുമെങ്കിലുമോ ദേശീയകരണം ചെയ്യിട്ടുള്ള ഏതെങ്കിലും പങ്കുകാരോ ആൾസംഘങ്ങളോ ഉൾപ്പെടുന്നതാകുന്നു. ഇതിൻെറ ഓരോ വകുപ്പിലും നിൎദ്ദേശിക്കപ്പെട്ടിരിക്കുന്ന ഉദ്ദേശങ്ങൾക്കു് ആ വകുപ്പിൽ മററപ്രകാരത്തിൽ പ്രസ്താപിച്ചിട്ടില്ലാത്ത പക്ഷം കമ്പനിയുടെ പേരിനാലോ മറെറതിങ്കിലും വകുപ്പിലെ വാക്കുകളാലോ അൎത്ഥവ്യത്യാസമോ വ്യാപ്തിക്കുറവോ വരുന്നതല്ല. കമ്പനിഅംഗങ്ങളുടെ ബാദ്ധ്യത ക്ലിപ്തസഹിതമായിട്ടുള്ളതാകുന്നു.

കമ്പനിയുടെ ഓഹരി മുതൽ ൨൦ രൂപാ വീതം ഒരു ലക്ഷത്തിരുപത്തയ്യായിരം ഓഹരികളായി ഭാഗിച്ചിട്ടുള്ള ൨൫ ലക്ഷം രൂപയാകുന്നു.

അടിയിൽ പേരുകളും മേൽവിലാസങ്ങളും കൊടുക്കപ്പെട്ടിരിക്കുന്ന ഞങ്ങൾ ഈ കൂട്ടുയാദാസ്തു അനുസരിച്ചു ഒരു കമ്പനിയായി ഏപ്പെടുന്നതിനു ആഗ്രഹിക്കയും ഞങ്ങളിലോരോരുത്തരുടേയും പേരുകൾക്കു നേരെകാണിച്ചിട്ടുള്ള ഓഹരികൾ ഓരോരുത്തരും എടുക്കുന്നതിന് പ്രത്യേകമായി സമ്മതിക്കയും ചെയ്യുന്നു.

| ഓഹരിക്കാരുടെ പേരുകൾ | | ഓഹരിക്കാരുടെ പൂൎണ്ണമായ മേൽവിലാസം | ഓരോരുത്തർ എടുത്തിട്ടുള്ള ഓഹരികളുടെ സംഖ്യ |
|---|---|---|---|
| ഡബ്ളിയു. ഒ. ലോക്കിളി | (ഒപ്പ്) | കച്ചവടം, കൊച്ചി | ഒന്നു |
| പി. ജ്ജോൺ ജ്ജോൺ | ,, | മെസ്സേഴ്സു പി. ജ്ജോൺ ആൻഡ് സൺസു, മലങ്കരറബ്ബർ ആൻഡ് പ്രോഡ്യൂസ് കമ്പനി മാനേജ്ജർ, കോട്ടയം | ഒന്നു |
| വി. രാമലിംഗം മുതലിയാർ | ,, | കച്ചവടം, ബങ്കളൂർ. കോഴിക്കോട്ടു സോമിൽസ്സിൻെറ മാനേജ്ജരും പങ്കാളിയും. | ഒന്നു |
| വി. അനന്തപ്പൈ | ,, | കച്ചവടം, ആലപ്പുഴ. | ഒന്നു |
| എം. പി. കുഞ്ഞുമഹമ്മദു | ,, | കച്ചവടം, കൊച്ചി. | ഒന്നു |
| പി. കുര്യൻ ജ്ജോൺ | ,, | മലങ്കര ആപ്പീസുമാനേജ്ജർ, കോട്ടയം. | ഒന്നു |
| പി. ജി. പുന്നൂസ് ബി.എ.,ബി.എൽ | ,, | മാനേജ്ജർ, പി. ജ്ജോൺ ആൻഡ് സൺസ്, ആലപ്പുഴ. | ഒന്നു |
| ബി. ഫെൻ | ,, | കൊമെഴ്ഷ്യൽ കൊർപ്പൊറേഷ്യൻ ക്ലിപ്തം, തിരുവനന്തപുരം | ഒന്നു |

൧൯൨൦ ജ്ജൂൺ ൨൩-ാംനു—

മേൽ കാണുന്ന ഒപ്പുകൾക്കു സാക്ഷി

ററി. എം. പരമേശ്വരയ്യർ (ഒപ്പ്)

കച്ചവടം, കൊച്ചി.

C. M. S. Press, Kottayam—1920